## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 275 22-06-2012 - ലെ മറുപടിയ്ക്ക്

### സോയിൽ ഹെൽത്ത് കാർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി. എസ്. ജയലാൽ<br>,, വി. ശശി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടി കളായിട്ടുണ്ടോ; ഈ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കു മോ; | (എ) | "സോയിൽ ബേസ്ഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ" പദ്ധതി പ്രകാരം സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്.<br>ഓരോ പഞ്ചായത്തിലെയും കൃഷിയിടങ്ങളിലെ മണ്ണു സാമ്പിളുകൾ ശാസ്ത്രീയമായി ശേഖരിച്ച് മണ്ണിലെ പോഷകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കി ഓരോ കൃഷിയിടത്തിനും അനുയോജ്യമായ വളപ്രയോഗം ചെയ്യുന്നതിന് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുക വഴി സാധിയ്ക്കുന്നു. മണ്ണറിഞ്ഞ് വളപ്രയോഗം ചെയ്യുന്നതിനും അതുവഴി ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഇത് സഹായകമാകും. |
| (ബി) ഇതുവരെ എത്ര സാമ്പിളുകൾ ശേഖരിച്ചു; ഇതിൽ എത്ര സാമ്പി ളുകൾ ഇതിനകം വിശകലനം ചെയ്തു; | (ബി) | "സോയിൽ ബേസ്ഡ് പ്ലാന്റ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ" പദ്ധതി പ്രകാരം സംസ്ഥാനത്തെ 999 പഞ്ചായത്തുകളിലായി 2,09,248 മണ്ണു സാമ്പിളുകൾ ശേഖരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളടക്കം 27 ലബോറട്ടറികളിൽ 101113 എണ്ണം സാമ്പിളുകൾ വിശകലനം ചെയ്തിട്ടുമുണ്ട്. |
| (സി) മണ്ണിന്റെ ഗുണനിലവാരം മനസ്സി ലാക്കി ആവശ്യമായ ഘടകങ്ങൾ ചേർത്ത് കൃഷി ചെയ്ത് കാർഷി കോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്ന എന്തെ ങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | മണ്ണു പരിശോധനാ ഫലങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഒരു ജില്ലയിൽ നിന്നും ഒരു പഞ്ചായത്ത് വീതം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. |

തിരഞ്ഞെടുത്ത പഞ്ചായത്തുകളിലെ എല്ലാ കർഷകരുടേയും മണ്ണു സാമ്പിളുകൾ ശേഖരിക്കുകയും . അവ പരിശോധിച്ച് മണ്ണിന്റെ ആരോഗ്യ സൂചികയും വിള പരിപോഷണത്തിനുള്ള നിർദ്ദേശങ്ങളും ലഭ്യമാക്കുകയും ചെയ്യും. നെല്ല്, വാഴ, പച്ചക്കറി, മരച്ചീനി എന്നീ വിളകൾ ഉൾപ്പെടുത്തി മണ്ണു പരിശോധനാ ഫലങ്ങൾ അനുസരിച്ചുള്ള പരിപോഷണ രീതികൾ നടപ്പിലാക്കുന്നതിനുള്ള പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കാനും വിളകൾക്കും കൃഷിച്ചെലവിനും ആനുപാതികമായി കർഷകർക്ക് സാമ്പത്തിക സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**